# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4078 — 16.03.2017-ൽ മറുപടിയ്ക്ക്

## സാമൂഹ്യ വനവത്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എൻ.ഷംസീർ | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) |
| എ) ത്രിതല പഞ്ചായത്തുകളുമായി ചേർന്ന് സാമൂഹ്യ വനവത്ക്കരണം വ്യാപിപ്പിക്കുന്നതിന് വനം വകുപ്പ് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഇതിന് ആവശ്യമായ തസ്തികകൾ വനംവകുപ്പ് സൃഷ്ടിക്കുമോ; | (എ) ത്രിതല പഞ്ചായത്തുകളുമായി ചേർന്ന് സാമൂഹ്യവനവത്ക്കരണം വ്യാപിപ്പിക്കുന്നതിന് ഹരിതകേരളം പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ എൻ.ആർ.ഇ.ജി.എസ് പദ്ധതിപ്രകാരം വിവിധ സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകളുടെ പരിധിയിലുള്ള ബ്ളോക്ക് പഞ്ചായത്തുകളിൽ തൈകൾ ഉത്പാദിപ്പിക്കുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടു ണ്ട്. ത്രിതലപഞ്ചായത്തുകളുമായി ചേർന്ന് വൃക്ഷതൈ വിതരണം, ഗ്രീൻ ഇന്ത്യാ മിഷൻ, ബോധവൽക്കരണപരിപാടികൾ തുടങ്ങിയ വിവിധ പദ്ധതികളും നടത്തിവരുന്നു. ഇപ്പോൾ നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തിയാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. ഇപ്പോൾ പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ട ആവശ്യമുള്ളതായി കാണുന്നില്ല. |
| ബി) പാതയോര വനവത്ക്കരണത്തിന് വനം വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (ബി) പാതയോര വനവത്ക്കരണത്തിന് ദേശീയപാതയുടെ വശങ്ങളിലും ലഭ്യമായ മറ്റ് പാതയോരങ്ങളിലും ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ വൃക്ഷതൈകൾ നട്ടുപിടിപ്പിച്ചുവരുന്നു. കൂടാതെ, പാതയോരങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന വഴിയോരത്തണൽ പദ്ധതിയും അനുയോജ്യമായ സ്ഥലങ്ങളിൽ നടത്തിവരുന്നു |

സെക്ഷൻ ഓഫീസർ